**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 246** **10-06-2024 - ൽ മറുപടിയ്ക്ക്**

**മാനസികാരോഗ്യ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട് പ്രകാരം മാനസികപ്രശ്നങ്ങളും പെരുമാറ്റ വൈകല്യങ്ങളും മൂലം ഏറ്റവുമധികം സമ്മർദ്ദമനുഭവിക്കുന്ന ജനങ്ങളുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ മുന്നിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ലോകാരോഗ്യ സംഘടനയുടെ 'ലോക മാനസികാരോഗ്യ റിപ്പോർട്ട് 2022' പ്രകാരം ദാരിദ്ര്യം, സാമ്പത്തിക അരക്ഷിതാവസ്ഥ, സാമൂഹിക പാർശ്വവത്കരണം എന്നിവ മാനസിക അസുഖങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ സാമ്പത്തിക പിന്നോക്കാവസ്ഥയുള്ള രാഷ്ട്രങ്ങളിൽ മാനസിക രോഗങ്ങളുടെ തോത് താരതമ്യേന കൂടുതലാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. |
| (ബി) | മാനസികാരോഗ്യം ഉറപ്പുവരുത്താനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മാനസികാരോഗ്യ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടോ; മാനസികാരോഗ്യ സേവനങ്ങൾ പ്രാഥമികാരോഗ്യതലത്തിൽ തന്നെ ലഭ്യമാക്കുന്നതിനായി സമ്പൂർണ മാനസികാരോഗ്യം, ആശ്വാസം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മാനസികാരോഗ്യ സേവനങ്ങൾ ജനങ്ങൾക്ക് ഉറപ്പ് വരുത്തുവാനായി എല്ലാ ജില്ലകളിലും മാനസികാരോഗ്യ പരിപാടി പ്രവർത്തിച്ച് വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 308 ക്ലിനിക്കുകൾ വഴി മാസം തോറും അൻപതിനായിരത്തിലധികം രോഗികൾക്ക് മാനസികാരോഗ്യ പരിപാടി മുഖേന ചികിത്സയും മറ്റ് മാനസിക ആരോഗ്യ സേവനങ്ങളും ലഭ്യമാകുന്നുണ്ട്. രോഗികൾക്ക് ഏറ്റവും അടുത്ത് ചികിത്സ ലഭ്യാമാക്കുന്നതിനു പുറമേ പൊതു ജനങ്ങൾക്കായുള്ള മാനസികാരോഗ്യ ബോധവത്കരണ പരിപാടികൾ, ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റ്, ആരോഗ്യ പ്രവർത്തകർ എന്നിവർക്കുള്ള മാനസികാരോഗ്യ പരിശീലനം, ലഹരി വിരുദ്ധ ബോധവത്കരണം, ആദിവാസി, തീരദേശ മേഖലകളിലെ ക്ലാസ്സുകളും ക്യാമ്പുകളും, ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു. 'സമ്പൂർണ മാനസികാരോഗ്യ' പദ്ധതി വഴി ആശാപ്രവർത്തകരുടെ സേവനം ഉപയോഗിച്ച് മാനസിക പ്രശ്നങ്ങളും, വൈകല്യങ്ങളും, രോഗങ്ങളും ഉള്ളവരെ കണ്ടെത്തി അവരുടെ തൊട്ടടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രത്തിൽ (FHC) തന്നെ ചികിത്സയും മറ്റു സേവനങ്ങളും ലഭ്യമാക്കുന്നു. |

| | | | |
|---|---|---|---|
| | | | ഇതിലൂടെ മാനസികാരോഗ്യ ചികിത്സ പ്രാഥമികാരോഗ്യ തലത്തിൽ തന്നെ ലഭ്യമാക്കാനും, ചികിത്സ മുടക്കുന്നവരെ കണ്ടെത്തി തിരിച്ച് ചികിത്സയിലേക്ക് എത്തിക്കുവാനും കഴിയും. ഓരോ പഞ്ചായത്തിലും 50 മുതൽ 120 രോഗികളെ വരെ ഈ പദ്ധതിയിലൂടെ ചികിത്സയിലേക്ക് കൊണ്ട് വരാൻ കഴിയുന്നു. ഈ പദ്ധതി വഴി രോഗികൾക്ക് അവരുടെ പഞ്ചായത്തിൽ തന്നെ മനോരോഗ തുടർ ചികിത്സ ഉറപ്പാക്കുന്നു. ഇതുവരെ 584 ഗ്രാമപഞ്ചായത്തുകളിലായി 29,060 പേരെ പുതുതായി കണ്ടെത്തി ചികിത്സയിലേക്ക് കൊണ്ട് വന്നിട്ടുണ്ട്. ഈ പദ്ധതി വഴി 40,594 പേർക്ക് ഇപ്പോൾ അവരുടെ അടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രം വഴി മാനസികാരോഗ്യ ചികിത്സ ലഭ്യമാകുന്നു. 16,145 ആശാ പ്രവർത്തകർക്ക് ഇതിന്റെ ഭാഗമായി മാനസികാരോഗ്യ പരിശീലനവും നൽകുകയുണ്ടായി. അടുത്ത രണ്ട് വർഷം കൊണ്ട് ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br><br>'ആശ്വാസം' പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ PHQ 9 എന്ന ചോദ്യാവലി ഉപയോഗിച്ച് വിഷാദ രോഗമുള്ളവരെ കണ്ടെത്തുവാനും, മാനസികാരോഗ്യ പ്രഥമ ശുശ്രൂഷ നൽകുവാനുമുള്ള പരിശീലനം, കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഹെൽത്ത് വർക്കർമാർക്കും നഴ്സ്മാർക്കും നൽകുകയുണ്ടായി. വിഷാദ രോഗ നിർണ്ണയം, ചികിത്സ എന്നിവയ്ക്കുള്ള പരിശീലനം ഡോക്ടർമാർക്കും നൽകുകയുണ്ടായി. ജില്ലാ മാനസികാരോഗ്യ പരിപാടിയിലേക്ക് രോഗികളെ റഫർ ചെയ്യാനുള്ള സംവിധാനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവരെ 403 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പദ്ധതി നടപ്പിലാക്കിയത് വഴി 1,31,514 പേരെ സ്ക്രീൻ ചെയ്യുകയും, 21,100 പേരിൽ വിഷാദ രോഗമുണ്ടെന്നു കണ്ടെത്തി ചികിത്സ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>അടുത്ത രണ്ട് വർഷം കൊണ്ട് ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പൂർണ്ണമായോ ഭാഗികമായോ രോഗവിമുക്തി നേടിയവർക്ക് പുനരധിവാസ കേന്ദ്രങ്ങൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പൂർണ്ണമായോ ഭാഗികമായോ രോഗവിമുക്തി ഉണ്ടാവുകയും എന്നാൽ ജോലികൾക്കൊന്നും പോകാൻ പറ്റാതെ വരുന്നവർക്കായി മാനസികാരോഗ്യ പരിപാടിയിൻ കീഴിൽ സംസ്ഥാനത്താകെ 31 പകൽവീടുകൾ പ്രവർത്തിച്ചുവരുന്നു. മാനസികാരോഗ്യ ചികിത്സയിൽ |

| | | | |
|---|---|---|---|
| | | | ആയി രിക്കുകയും എന്നാൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്നുകഴിയുകയും ചെയ്യുന്ന രോഗികളുടെ പുനരധിവാസം ലഭ്യമാക്കുന്ന പ്രവർത്തനങ്ങളാണ് പകൽ വീടുകളുടേത്. രോഗികൾക്കുള്ള തൊഴിൽ പരിശീലനം, കൗൺസിലിംഗ്, മറ്റ് മനശാസ്ത്ര ചികിത്സകൾ, മരുന്ന്, ഭക്ഷണം, ഇവയൊക്കെയും പകൽവീടുകളിൽ ലഭ്യമാക്കുന്നുണ്ട്. മാനസികരോഗികൾക്കായുള്ള മുഴുവൻസമയ പുനരധിവാസ കേന്ദ്രങ്ങൾ സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലാണ് പ്രവർത്തിച്ച് വരുന്നത്. |
| (ഡി) | ആത്മഹത്യ നിരക്ക് കുറയ്ക്കുന്നത് ലക്ഷ്യമിട്ട് ജീവരക്ഷ എന്ന പേരിൽ സംസ്ഥാനമൊട്ടാകെ ആത്മഹത്യ പ്രതിരോധ കാമ്പയിൻ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തെ ആത്മഹത്യാ നിരക്ക് കുറയ്ക്കുവാനായി ആരംഭിച്ചതാണ് 'ജീവരക്ഷ' ആത്മഹത്യാ പ്രതിരോധ പദ്ധതി. സമൂഹത്തിൽ ആത്മഹത്യാ പ്രതിരോധത്തിന് ആവശ്യമായ അവബോധം സൃഷ്ടിക്കുക, പരിശീലനം നൽകുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാ ക്കുന്നത്. മാനസിക വിഷമങ്ങൾ ഉള്ളവരുമായി ഇടപഴകുന്ന കമ്മ്യൂണിറ്റി ഗേറ്റ് കീപ്പേഴ്സിന് (ആരോഗ്യ പ്രവർത്തകർ, പോലീസ്, അധ്യാപകർ, ജനപ്രതിനിധികൾ, മത പുരോഹിതർ തുടങ്ങിയവർക്ക്) പരിശീലനം നൽകുന്നു. ആത്മഹത്യയുടെ അപകട സൂചനകൾ, മനശാസ്ത്ര പ്രഥമ ശുശ്രൂഷ എന്നിവയിലാണ് പ്രധാനമായും പരിശീലനം. ഇത് വരെ **251** ബാച്ചുകളിലായി **14,745** പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. **24** മണിക്കൂറും സേവനം ലഭ്യമായിട്ടുള്ള "ടെലി മനസ്സ് -14416" ടോൾ ഫ്രീ നമ്പറും ഇതോടൊപ്പം പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ